സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പോർട്ട്മെന്റ് നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നടപടി

138 (2616) ശ്രീ. കെ. എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ ജനറൽ ഇൻഷ്വറൻസ് പോളിസികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന് പ്രസ്തുത ആവശ്യത്തിലേക്ക് ഇൻഷ്വറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റിയിൽ നിന്ന് ഏതൊക്കെ ലൈസൻസുകളും രജിസ്ട്രേഷനും ലഭിച്ചിട്ടുണ്ട് ;

(ഇ) ഈ സർക്കാർ ഐ.ആർ.ഡി.എ.യുടെ അനുമതിയില്ലാതെ സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് ഏതെല്ലാം പോളിസികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(എഫ്) ഇത്തരം പോളിസി വാങ്ങുന്നവരുടെ സംരക്ഷണത്തിനുവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും വകുപ്പിന്റെ അക്കൗണ്ടിംഗ് സമ്പ്രദായം പരിഷ്കരിക്കുന്നതിനുമായി ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ അഖിലേന്ത്യാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ഐ.സി.എ.ഐ) നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് 28-1-2010-ലെ ജി.ഒ (സാധാ) 687/2010/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിനും ഹാർഡ്വെയർ ലഭ്യമാക്കുന്നതുമായ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സഹായവും നൽകുന്നതിനുമായി ഇൻഷ്വറൻസ് ഡയറക്ടർ, ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടർ എന്നിവർ അംഗങ്ങളായ ഒരു ഉന്നതതല സാങ്കേതിക സമിതി സ.ഉ. (സാധാ) 1548/10/ധന തീയതി 24-2-2010 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഐ.സി.എ.ഐ. തയ്യാറാക്കിയ സോഫ്റ്റ്വെയർ ഐഡന്റിഫിക്കേഷൻ റിപ്പോർട്ട് ഉന്നതതല സാങ്കേതിക സമിതി അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ്വെയർ നിർമ്മാണത്തിന് കെൽട്രോണുമായി ചർച്ചകൾ നടത്തുകയും ഒരു സമവായത്തിൽ എത്തുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

സോഫ്റ്റ്വെയർ, ഹാർഡ്വെയർ എന്നിവ സംബന്ധിച്ച് കെൽട്രോൺ നൽകിയ പ്രൊപ്പോസലുകൾ ഉന്നതതല സാങ്കേതിക സമിതി അംഗീകരിക്കുകയും 21-8-2010-ലെ 6397/10/ ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1,22,82,982 രൂപ (ഒരു കോടി ഇരുപത്തി രണ്ടു ലക്ഷത്തി എൺപത്തി രണ്ടായിരത്തി തൊള്ളായിരത്തി എൺപത്തി രണ്ടു രൂപ) നൽകി വകുപ്പിനാവശ്യമായ സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തുകയും ചെയ്തു. അതിനുശേഷം 1,17,25,000 രൂപയ്ക്ക് വകുപ്പിനാവശ്യമായ ഹാർഡ്വെയറുകൾ കെൽട്രോണിൽ നിന്ന് വാങ്ങുന്നതിനുള്ള സർക്കാർ അനുമതിയും [ജി.ഒ.(ആർ.ടി) നമ്പർ 568/11/ ധന. തീയതി 25-1-2011] നൽകി.

കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ അടിസ്ഥാന ഡാറ്റ ശേഖരിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകൾവഴി നടപടികൾ സ്വീകരിച്ചു. 7 ലക്ഷത്തോളം വരുന്ന എസ്.എൽ.ഐ. പോളിസികളുടെ ഡാറ്റാ ബേസ് ഇതിനോടകം തയ്യാറാക്കി കഴിഞ്ഞു. 5 ലക്ഷത്തോളം വരുന്ന ജി.ഐ.എസ്. വരിക്കാരുടെ ഡാറ്റാ ബേസ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

കെൽട്രോൺ മുഖാന്തിരം സോഫ്റ്റ്വെയർ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ, നെറ്റ് വർക്കിംഗ്, കേബിളിംഗ് എന്നിവ ഊർജ്ജിതമായി നടത്തിവരുന്നു. ഫെബ്രുവരി അവസാനത്തോടെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ പൂർണ്ണമാകുമെന്നും പ്രതീക്ഷിക്കുന്നു.

(ബി) 1972-ലെ ജനറൽ ഇൻഷ്വറൻസ് ദേശസാൽക്കരണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷവും പ്രസ്തുത നിയമത്തിലെ 36 1 (എ) പ്രകാരം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വിവിധ തരം ജനറൽ ഇൻഷ്വറൻസ് ബിസിനസ്സ് നടത്തിവരുന്നു.

(സി) ബാധകമല്ല.

(ഡി) ഐ.ആർ.ഡി.എ. ആക്ട് 1999 പ്രാബല്യത്തിൽ വരുന്നതിനു മുൻപായി തന്നെ കൺട്രോളർ ഓഫ് ഇൻഷ്വറൻസിൽ നിന്നും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് ലൈസൻസ് ലഭിച്ചിട്ടുണ്ട്. അതിനാൽ പുതിയ ലൈസൻസുകളും രജിസ്ട്രേഷനുകളും ആവശ്യപ്പെട്ടിട്ടില്ല.

(ഇ) ഐ.ആർ.ഡി.എ.-യുടെ അനുമതിയില്ലാതെ സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ പോളിസികൾ ഒന്നും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly